LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കുന്നത്

110 (2390) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവനന്തപുരം മെഡിക്കൽകോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കുന്നതിനായി എട്ടു കോടി രൂപ വകയിരുത്തിയിരുന്നതു വിനിയോഗിച്ച് പ്രസ്തുത യന്ത്രം സ്ഥാപിച്ചുവോ; വ്യക്തമാക്കുമോ;

(ബി) സ്ഥാപിച്ചുവെങ്കിൽ ആയത് എന്നാണ് സ്ഥാപിച്ചതെന്നും, അത് ഇപ്പോൾ പ്രവർത്തനക്ഷമമാണോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കുന്നതിനായി എട്ടുകോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപനമുണ്ടായെങ്കിലും ആവശ്യമായ തുക ലഭ്യമല്ലാത്തതിനാൽ പെറ്റ് സ്കാനർ സ്ഥാപിക്കാനായിട്ടില്ല. 2015-16-ലെ ബഡ്ജറ്റിൽ ഇതിന് 10 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

ഡോക്ടർമാർക്ക് വിദേശത്ത് പോകാൻ അവധി

111 (2391) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ എത്ര അദ്ധ്യാപകർക്ക് വിദേശത്തു പോകാൻ അവധി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2011-2016 കാലയളവിൽ ആരോഗ്യ വകുപ്പിലെ എത്ര ഡോക്ടർമാർക്ക് വിദേശത്തു പോകാൻ അവധി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2011-2016 കാലയളവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ 31 അദ്ധ്യാപകർക്കും ആരോഗ്യ വകുപ്പിലെ 3 ഡോക്ടർമാർക്കും വിദേശത്ത് പോകാൻ അവധി അനുവദിച്ചിട്ടുണ്ട്.